തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: Jaison Mathew)

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ്-പൊതുസ്ഥലംമാറ്റം 2024-ജില്ലാ ജോയിന്റ് ഡയറക്ടർ നിയമനാധികാരി ആയിട്ടുള്ളതും ജില്ലാതലത്തിൽ സ്ഥലംമാറ്റം നടത്തുന്നതുമായ വിവിധ തസ്തികകളിലെ സ്ഥലംമാറ്റ പട്ടിക അന്തിമമമാക്കിയും ഓൺലൈനായി പ്രസിദ്ധീകരിച്ചും ഉത്തരവാകുന്നു.

പരാമർശം :- (1) സ.ഉ (കൈ) നം.46/2024/തസ്വഭവ തീയതി: 16.03.2024

(2) പ്രിൻസിപ്പൽ ഡയറക്ടറുടെ 21.02.2024 തീയതിയിലെ LSGD/PD/6478/2024-DED1 നമ്പർ സർക്കുലർ

(3) പ്രിൻസിപ്പൽ ഡയറക്ടറുടെ 05.03.2024 തീയതിയിലെ LSGD/PD/6478/2024-DED1 നമ്പർ സർക്കുലർ

(4) പ്രിൻസിപ്പൽ ഡയറക്ടറുടെ 16.04.2024 തീയതിയിലെ LSGD/PD/6478/2024-DED1 നമ്പർ സർക്കുലർ

(5) പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2024 തീയതിയിലെ LSGD/PD/6478/2024- DED1 നമ്പർ സർക്കുലർ

(6) ഈ ഓഫീസിലെ 18.07.2024 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നമ്പർ : LSGD/JD/KSD/970/2024-A2 തീയ്യതി. 15-10-2024**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും പുതുക്കി സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2024 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻകമ്പൻസി വിവരങ്ങൾ ചേർക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ സൂചന (2) സർക്കുലർ പ്രകാരവും സ്ഥലംമാറ്റ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ സൂചന (3) സർക്കുലർ പ്രകാരവും പ്രിൻസിപ്പൽ ഡയറക്ടർ പുറപ്പെടുവിച്ചിരുന്നു.

ആയതിൻ പ്രകാരം ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ സ്ഥലംമാറ്റം നടത്തുന്ന വിവിധ തസ്തികകളിലെ പൊതുസ്ഥലംമാറ്റത്തിനായുള്ള കരട് ജനറൽ ക്യൂ ലിസ്റ്റ്, അനുകമ്പാർഹ-മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ കരട് ക്യൂ ലിസ്റ്റ്, കരട് ക്യൂ ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 2024 ലെ കരട് പൊതുസ്ഥലംമാറ്റ പട്ടിക എന്നിവ പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ടി കരട് ക്യൂ ലിസ്റ്റ്, കരട്

സ്ഥലംമാറ്റ പട്ടിക എന്നിവയിൻമേൽ ലഭിച്ച അപ്പീലുകൾ തീർപ്പാക്കി ജില്ലാതലത്തിൽ സ്ഥലംമാറ്റം നടത്തുന്ന വിവിധ തസ്തികകളിലെ അന്തിമ ക്യൂ ലിസ്റ്റ്, അന്തിമ സ്ഥലംമാറ്റ പട്ടിക എന്നിവ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു.

മേൽ പരാമർശിച്ച അന്തിമ ക്യൂ ലിസ്റ്റ്, അന്തിമ സ്ഥലംമാറ്റ പട്ടിക എന്നിവ https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ജീവനക്കാരുടെ ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. എല്ലാ ജീവനക്കാർക്കും തങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിം, പാസ്സ് വേഡ് ഉപയോഗിച്ച് ടി വെബ്സൈറ്റിൽ അതത് ജീവനക്കാരുടെ ലോഗിനിൽ ടി പട്ടികകൾ പരിശോധിക്കാവുന്നതും ഡൌൺലോഡ് ചെയ്ത് എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതുമാണ്.

പൊതുസ്ഥലംമാറ്റ പട്ടിക പ്രകാരം വിടുതൽ ചെയ്യേണ്ട ജീവനക്കാരെ അതത് ഓഫീസ് മേധാവികൾ പൊതുസ്ഥലംമാറ്റ സോഫ്റ്റ് വെയറിൽ റിലീവ് ചെയ്യേണ്ടതും, റിലീവിംഗ് സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്ത് ഓഫീസ് മേധാവി ഒപ്പും സീലും രേഖപ്പെടുത്തി നൽകേണ്ടതുമാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന റിലീവിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരെ സ്ഥലംമാറ്റം ലഭിച്ച ഓഫീസിൽ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളൂ. ടി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന സമയം ഓഫീസ് മേലധികാരി പൊതുസ്ഥലം മാറ്റ സോഫ്റ്റ് വെയറിൽ ജോയിൻ ചെയ്യിപ്പിക്കേണ്ടതും സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന ജോയിനിംഗ് റിപ്പോർട്ട് ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും 7 ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ്.

ടി അന്തിമ സ്ഥലംമാറ്റ പട്ടികയിൻമേൽ ആക്ഷേപമുള്ള പക്ഷം ആയത് സംബന്ധമായ അപ്പീലുകൾ അന്തിമ സ്ഥലംമാറ്റ പട്ടിക സോഫ്റ്റ് വെയറിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം പൊതുസ്ഥലംമാറ്റ സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

എല്ലാ ഓഫീസ് മേധാവികളും ഈ നോട്ടീസ് വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**Signed by Jaison Mathew**
**Date: 15-10-2024 16:26:35**

Jaison Mathew
JOINT DIRECTOR

സ്വീകർത്താവ്:

പ്രിൻസിപ്പൽ ഡയറക്ടർ
(ആമുഖ കത്ത് സഹിതം)

പകർപ്പ് സമർപ്പിക്കുന്നു :

1. വകുപ്പിലെ എല്ലാ ജീവനക്കർക്കും
   (ഓഫീസ് മേധാവി മുഖേന)
2. സെക്രട്ടറി, ജില്ലാപഞ്ചായത്ത്
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ
4. ജില്ലാ ടൗൺ പ്ലാനർ
5. പ്രൊജക്ട് ഡയറക്ടർ
6. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
7. കരുതൽ/അധികം